(ബി) ഇതിൽ എത്ര റോഡുകളുടെ പ്രവൃത്തിയാണ് പൂർത്തീകരിച്ചതെന്നും ഇനി എത്രയെണ്ണം പൂർത്തീകരിക്കാനുണ്ടെന്നും വിശദമാക്കുമോ ?

ഉത്തരം

(എ) ഫേസ് 5, ഫേസ് 7, ഫേസ് 8 എന്നിവയിലുൾപ്പെടുത്തി (നെന്മാറ, കൊല്ലങ്കോട് ബ്ലോക്കുകൾ) നെന്മാറ നിയോജകമണ്ഡലത്തിൽ 6 റോഡുകളുടെ പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു.

1. കാമ്പ്രത്തുചള്ള മേച്ചിറ റോഡ്, കൊല്ലങ്കോട് ബ്ലോക്ക്

2. പാളിയമംഗലം മൂക്കൻച്ചിറ റോഡ്, നെന്മാറ ബ്ലോക്ക്

3. കണിമംഗലം കോഴിക്കോട് റോഡ്, നെന്മാറ ബ്ലോക്ക്

4. എൻ.എസ്.എസ്. കോളേജ് പൈറ്റാൻകുന്ന് റോഡ്, നെന്മാറ ബ്ലോക്ക്

5. അകംമ്പാടം ചാട്ടിയോട് ആലുവാശ്ശേരി റോഡ്, നെന്മാറ ബ്ലോക്ക്

6. പാപ്പാൻചള്ള ചെമ്മണാംതോട് റോഡ്, കൊല്ലങ്കോട് ബ്ലോക്ക്

(ബി) നെന്മാറ മണ്ഡലത്തിൽ പി.എം.ജി.എസ്.വൈ. പദ്ധതിപ്രകാരം കൊല്ലങ്കോട് ബ്ലോക്കിലെ കാമ്പ്രത്തുചള്ള മേച്ചിറ റോഡ്, നെന്മാറ ബ്ലോക്കിലെ പാളിയമംഗലം മൂക്കൻച്ചിറ റോഡ് എന്നീ പ്രവൃത്തികളാണ് പൂർത്തീകരിച്ചിരിക്കുന്നത്. ഇനി നെന്മാറ ബ്ലോക്കിലെ മൂന്ന് റോഡുകളുടെയും കൊല്ലങ്കോട് ബ്ലോക്കിലെ ഒരു റോഡിന്റെയും (മൊത്തം നാല്) പ്രവൃത്തി പൂർത്തീകരിക്കാനുണ്ട്.

ഗ്രാമീണ റോഡുകൾക്ക് വൺ ടൈം മെയിന്റനൻസ്

18 (T4053) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമീണ റോഡുകൾക്ക് വൺ ടൈം മെയിന്റനൻസ് പ്രകാരം ഓരോ മണ്ഡലത്തിലും എത്ര തുക വീതമാണ് അനുവദിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതുവരെയായി എത്ര മണ്ഡലങ്ങളിൽ തുക അനുവദിച്ചിട്ടുണ്ടെന്നും എത്ര വീതമാണ് അനുവദിച്ചതെന്നും വ്യക്തമാക്കാമോ ;

(സി) മണ്ഡലങ്ങളിൽ തുക അനുവദിക്കുന്നതിന് എന്തെങ്കിലും മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ ;

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പ്രസ്തുത തുക അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും നിർദ്ദേശങ്ങൾ നേരത്തെ പുറപ്പെടുവിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന ഫണ്ട് റോഡുകൾ

19 (4054) ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന ഫണ്ടിൽനിന്നും തുക ചെലവഴിച്ച് ഏതെല്ലാം പ്രവൃത്തികളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇനിയും പൂർത്തീകരിക്കുവാനുള്ള പ്രവൃത്തികൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കുവാനുണ്ടായ കാലതാമസം എന്തെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത പ്രവൃത്തികളുടെ ഭരണാനുമതിയുടെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

കണ്ണൂർ ജില്ലയിലെ ബ്ലോക്ക് പഞ്ചായത്തുകളുടെ വിഭജനം

20 (4055) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ബ്ലോക്ക് പഞ്ചായത്തുകളുടെ വിഭജനം സംബന്ധിച്ച് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; ഇതുപ്രകാരം കണ്ണൂർ ജില്ലയിൽ ഏതൊക്കെ ബ്ലോക്കുകളാണുള്ളത് പുതുതായി ഉണ്ടാകുന്നത് ; വിശദാംശം നൽകുമോ ;

(ബി) കല്ല്യാശ്ശേരി മണ്ഡലത്തിൽ ഉള്ള ഏതൊക്കെ പഞ്ചായത്തുകളെയാണ് കല്ല്യാശ്ശേരി ബ്ലോക്കിൽ പുതുതായി ഉൾപ്പെടുത്തുന്നത് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly